**പതിനാലാം കേരള നിയമസഭ**

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 6190

07/11/2016 - ൽ മറുപടിക്ക്.

## കുടുംബശ്രീ മിഷൻ കോ-ഓർഡിനേറ്റർമാർ

| **ചോദ്യം**<br>ശ്രീ. ആന്റണി ജോൺ | | **ഉത്തരം**<br>ഡോ.കെ.ടി.ജലീൽ<br>(തദ്ദേശ സ്വയം ഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | എറണാകുളം ജില്ലയിലെ കുടുംബശ്രീ മിഷനിൽ നിലവിൽ എത്ര കോ-ഓർഡിനേറ്റർമാരുടെ തസ്തികയുണ്ട്; | (എ) | ജില്ലാ മിഷൻ കോ-ഓർഡിനേറ്ററുടെ ഒരു തസ്തികയും അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്ററുടെ 4 തസ്തികകളും ഉണ്ട്. |
| (ബി) | അവരുടെ ചുമതലയും വേതനഘടനയും വ്യക്തമാക്കുമോ; | (ബി) | കുടുംബശ്രീയുടെ വിവിധ മേഖലകളിലെ സാമ്പത്തിക ഭൗതിക ലക്ഷ്യങ്ങൾ പൂർത്തീകരിച്ച് പദ്ധതിയുടെ ലക്ഷ്യപ്രാപ്തിക്കുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും, ജില്ലകളിലെ കുടുംബശ്രീ സംഘടനാ സംവിധാന പ്രവർത്തനങ്ങളുടെ ഏകോപനവുമാണ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാരുടെ പ്രധാന ചുമതലകൾ. ടി തസ്തികകളിൽ ഡെപ്യൂട്ടേഷൻ അടിസ്ഥാനത്തിലാണ് നിയമനം നടത്തുന്നത് എന്നതിനാൽ ഇതിനായി പ്രത്യേക വേതന ഘടന നിലവിലില്ല. |
| (സി) | പ്രസ്തുത ജില്ലാ കോ-ഓർഡിനേറ്റർമാരുടെ ഒഴിവ് നിലവിലുണ്ടോ; | (സി) | എറണാകുളം ജില്ലാ മിഷനിൽ ജില്ലാ മിഷൻ കോ-ഓർഡിനേറ്ററുടെ ഒഴിവില്ല. അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്ററുടെ 3 ഒഴിവുകൾ നിലവിലുണ്ട്. |
| (ഡി) | എങ്കിൽ നിയമനം നടത്തുന്നതിനു വേണ്ട നടപടിക്രമം എവിടം വരെയായി എന്ന് വിശദമാക്കുമോ? | (ഡി) | അനുയോജ്യരായവരെ തെരഞ്ഞെടുക്കുന്നതിനുള്ള എഴുത്തു പരീക്ഷയും അഭിമുഖവും നടത്തിയിട്ടുണ്ട്. തെരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തിയാകുന്ന മുറയ്ക്ക് നിയമനം നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ